# മുസ്ലീമിന്റെ വൈവിധ്യങ്ങളെ നിരാകരിക്കുമ്പോൾ

ഡോ. ഏ.കെ. രാമകൃഷ്ണൻ




**അ**ടുത്തകാലത്ത് കേരളത്തെക്കുറിച്ച് ഓർഗനൈസറിൽ പ്രസിദ്ധീകരിക്കപ്പെട്ടതുപോലെ, ബി.ജെ.പി. യുടെ മറ്റൊരു പ്രസിദ്ധീകരണമായ പാഞ്ചജന്യത്തിൽ ഞാൻ ജോലിചെയ്യുന്ന ജവഹർലാൽ നെഹ്റു സർവ്വകലാശാലയെക്കുറിച്ചും ഒരു ലേഖനമുണ്ടായിരുന്നു. ദേശവിരുദ്ധരുടേയും, കഞ്ചാവുവലിക്കാരുടെയും നക്സലൈറ്റുകളുടെയും ഇസ്ലാമിക തീവ്രവാദികളുടെയും താവളമാണ് ജെ. എൻ..യു. എന്നായിരുന്നു ലേഖനത്തിന്റെ ചുരുക്കം. ദേശവിരുദ്ധം ആരോപിക്കപ്പെട്ട ഒരാളാണ് ഞാൻ. ജാതിവ്യവസ്ഥയെ വിമർശിച്ചു എന്നതാണ് എന്റെ പേരിലുള്ള ദേശവിരുദ്ധകുറ്റം. ഇന്ത്യയിൽ ഇന്ന് ബഹുഭൂരിപക്ഷവും ദേശവിരുദ്ധരാണ് എന്ന് ബഷീറിയൻ ഭാഷയിൽ പറയാം.

ഇന്ത്യ എന്ന ദേശസങ്കൽപ്പം പടുത്തുയർത്തിയത് ബ്രാഹ്മണിക്കൽ രീതിയിലാണ്. അവരുടെ ശത്രു സ്വാഭാവികമായും കീഴാളർ തന്നെ. എന്നാൽ അവരെകൂടി ഉൾക്കൊള്ളുന്നതാണ് തങ്ങളുടെ ദേശരാഷ്ട്രം എന്നവർ അവകാശപ്പെടും. പക്ഷെ, തങ്ങൾ നിരന്തരം നേരിടുന്ന ജാതീയ പീഡനത്തെക്കുറിച്ച് കീഴാളർ പറഞ്ഞാൽ അതിനെ ദേശദ്രോഹമാക്കിമാറ്റും. നിലവിലുള്ള തൊഴിൽ വ്യവസ്ഥയെ ജാതിവിമർശനം ചോദ്യം ചെയ്യുന്നു എന്നതുകൂടി അതിനു കാരണമാണ്. ന്യൂനപക്ഷങ്ങളെക്കുറിച്ചു പറഞ്ഞാലും പ്രാദേശിക ഭാഷാ പ്രശ്നങ്ങൾ പറഞ്ഞാലും ദേശദ്രോഹികളാക്കിമാറ്റും. അങ്ങനെ ദേശദ്രോഹികളുടെ എണ്ണം കൂടിവരികയാണ്. ഭരണഘടനാവകാശങ്ങൾതന്നെ ഇല്ലാതാക്കാൻ പുതിയ കരിനിയമങ്ങൾ നടപ്പാക്കുന്നു. ദേശീയതയുമായി ബന്ധപ്പെട്ട പൂർത്തിയാകാത്ത ഒരു അജണ്ടകൂടി ഇതിനുപുറകിലുണ്ട്. പാക്കിസ്ഥാനെന്ന മുസ്ലീം രാഷ്ട്രത്തിനു ബദലായ ഹിന്ദുരാഷ്ട്രം എന്നതാണത്. സ്വാതന്ത്ര്യസമരത്തെത്തുടർന്ന് കോൺഗ്രസ്സിന്റെ വിശാലമായ പ്ലാറ്റ്ഫോമിൽ ആ വാദത്തിനു വളരാൻ കഴിഞ്ഞില്ല. ഇപ്പോഴതിനുള്ള സമയമായി







എന്നവർ കരുതുന്നു. ഇന്ത്യയിലിന്ന് നില നിൽക്കുന്നത് ഫാസിസമാണോ എന്നതിൽ പല അഭിപ്രായങ്ങളുമുണ്ട്. എന്തായാലും ഹിന്ദുത്വ അധികാരം ശക്തിപ്പെടുകയാണ്. അതാകട്ടെ പുതിയ സാമ്പത്തിക സംവിധാനങ്ങളുമായി കൈകോർക്കുകയാണ്. സത്യത്തിൽ മുൻസർക്കാർതന്നെ നിയോ ലിബറൽ നയങ്ങൾ നടപ്പാക്കിയിരുന്നു. കേവലം യൂറോപ്പിൽ നിലനിന്നിരുന്ന ഫാസിസവുമായി ബന്ധപ്പെടുത്തിയെടുക്കാനുള്ള ആഗോള സാമ്പത്തിക സാഹചര്യങ്ങളല്ല ഇന്ന് നിലനിൽക്കുന്നത്. മതങ്ങൾ അല്ലെങ്കിൽ സമുദായങ്ങൾ തമ്മിലുള്ള സംഘർഷം മാത്രമായി ഫാസിസത്തെ കാണാനാകില്ല. മറിച്ച് വ്യവസ്ഥയും ഭരണഘടനയും അടങ്ങുന്ന പ്രത്യയശാസ്ത്ര ഘടനയാണ് ഫാസിസത്തെ നിർവ്വചിക്കേണ്ടത്. ഇന്ത്യൻ സാഹചര്യത്തിൽ ഫാസിസം ഘടനാപരമായി നിലനിൽക്കുന്നത് മൂന്ന് ഘടകങ്ങളായി വർത്തിച്ചാണ്.

1. നിയോലിബറൽ നയങ്ങൾ 2. തീവ്രദേശീയവാദം 3. സാംസ്കാരികാധിപത്യം

ലോകരാജ്യങ്ങളിൽ ജനാധിപത്യ രാഷ്ട്രങ്ങളിലൊക്കെയും ഭരണാധികാരിയെന്നത് നിയോലിബറൽ നടപ്പിലാക്കുന്നവരാണ്. മോഡി അത് നടപ്പിലാക്കുന്നതിലും ജനകീയവൽക്കരിക്കുന്നതിലും മൻമോഹൻസിംഗിനെക്കാൾ ഏറെ മുന്നിലാണ്. നമ്മുടെ വികസന സങ്കൽപ്പങ്ങൾ പോലും നിയോലിബറൽ കാഴ്ചപ്പാടായി മാറ്റുന്നതിൽവരെ എത്തിനിൽക്കുന്നു ഫാസിസം. അത് തുറന്നു പറയാനും അവർ തയ്യാറാകുന്നു. ഈ വികസനത്തോടുള്ള മനോഭാവം അനുകൂലമായി കാണുന്നത് മധ്യവർഗ്ഗത്തിൽ തന്നെയാണ്. ആ വികസന കാഴ്ചപ്പാടിൽ ആകർഷിക്കപ്പെടുന്നു എന്നുവേണം പറയാൻ. മിനിമം ഗവൺമെന്റ്, മാക്സിമം ഗവേണൻസ് എന്ന സർക്കാർ നിലപാടുതന്നെ ഉദാഹരണം. വികസനനായകൻ എന്ന മോദിയുടെ ഇമേജും അതിന്റെ സൃഷ്ടിതന്നെ. അമേരിക്കയിൽ നിയോലിബറൽ നയങ്ങൾ ശക്തിപ്പെടുത്തിയ റൊണാൾഡ് റെയ്ഗന്റേയും ബ്രിട്ടനിലെ താച്ചറേയും പോലെ. ഹിന്ദുത്വവും കമ്പോളയുക്തിയും ഇവിടെ കൈകോർക്കുന്നു. അതിന് ജനാധിപത്യം തടസ്സം നിൽക്കുന്നു എന്നിടത്തുനിന്നാണ് ഫാസിസത്തിന്റെ രംഗപ്രവേശം.

ഫാസിസം തീവ്രദേശീയവാദമായി നിലനിൽക്കുന്നത് രണ്ടായിരം വർഷങ്ങളോളം പഴക്കമുള്ള ബ്രാഹ്മണ്യ ശാസ്ത്രത്തിലൂടെയാണ്. അതിൽ അന്തർലീനമായി കിടക്കുന്ന ജാതിവ്യവസ്ഥ ഫാസിസത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിന് കാരണമാകുന്നു. ഈ ജാതിവ്യവസ്ഥിതി തന്നെയാണ് ജനാധിപത്യവൽക്കരണത്തിനു എന്നും തടസ്സമായി നിലനിൽക്കുന്നത്. ഇന്ന് കാണുന്ന നായാടി മുതൽ നമ്പൂരി വരെ എന്ന് പറഞ്ഞു ഹിന്ദുത്വ ഐക്യത്തിനായി നിൽക്കുന്ന ഹിന്ദു മഹാസഭയും മറ്റു സംഘപരിവാർ സംഘടനകളും അതിനു ശക്തി പകരുന്നു. ഗോൾവാൾക്കർ മുതൽ ഇന്ന് കാണുന്ന മോഹൻ ഭഗവത് വരെ മുസ്ലീം വിരുദ്ധതയാണ് നടപ്പിലാക്കുന്നത്.



ഫാസിസത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത് ഇത്തരം നിലപാടുകളിലാണ്. അതിന്റെ ഭാഗമായിത്തന്നെ ബ്രാഹ്മണ്യം അക്രമണോത്സുക ദേശീ



യതയായി രൂപംപ്രാപിച്ചിരിക്കുന്നു. അവരുടെ പ്രത്യയശാസ്ത്ര വികാസത്തിന് വേണ്ടിയാണ് മുസ്ലീം വിരുദ്ധത പ്രകടിപ്പിക്കുന്നത്. ഭാഷാ ഭക്ഷണ വസ്ത്രപരമായി ഇവിടെ നിൽക്കുന്ന സ്വത്വനിർമ്മിതിയിൽ ഇസ്ലാമിന് പങ്കുണ്ട്. അത്തരം സംഭാവനകളെ അസഹിഷ്ണുതയോടെ മാറ്റി നിർത്തിക്കൊണ്ടാണ് മുസ്ലീം വിരുദ്ധത പ്രകടിപ്പിക്കുന്നത്. ബാബറി മസ്ജിദ് തകർത്തതുമായി ബന്ധപ്പെട്ട് മുസ്ലീം ജനവിഭാഗങ്ങൾ ഒരുതരത്തിലും കുറ്റക്കാരല്ല, എന്നിട്ടും അവർ ശത്രപക്ഷത്തായി അവതരിക്കപ്പെട്ടു. മുസ്ലീം വിരുദ്ധതയിലൂടെ ഭാഗികമായെങ്കിലും ഹിന്ദുത്വം സ്വാംശീകരിക്കപ്പെട്ട പൊതുസമൂഹമാണ് ഇവിടെ നിലകൊള്ളുന്നത്. അതിൽനിന്ന് വർത്തിക്കുന്ന പൊതുബോധമാണ് വളരുന്നത്. ഈ പൊതുബോധത്തെയാണ് തീവ്രദേശീയവാദത്തിലേക്ക് എത്തിക്കുന്നതും.

മതമൗലികവാദമെന്നു പറഞ്ഞാൽ നാമപ്പോൾ എത്തുക മുസ്ലീമിലേക്കാണ്. എത്രയോ വൈവിധ്യങ്ങളാണ് അവരിലുള്ളത്. എന്നാൽ നമുക്കറിയുക അവരുടെ ഏകമുഖമാണ്. എന്നിട്ട് നാം മുഴുവൻ മുസ്ലീമുകളേയും ശത്രുപക്ഷത്ത് നിർത്തുന്നു. 1923ൽ തന്നെ ഈജിപ്തിൽ മുസ്ലീം ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ ഉണ്ടായിരുന്നു. മുസ്ലീം മഹാഭൂരിപക്ഷമുള്ള തുർക്കിയിൽ പർദക്ക് നിരോധനമാണ്. എത്രയോ രാജ്യങ്ങൾ മുസ്ലീം സ്ത്രീ-പുരുഷന്മാർ ഒന്നിച്ച് പള്ളിയിൽ പോകുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും. ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള എത്രയോ മദ്രസകൾ. സൗദിയിൽ പോയി വരുന്ന യുവാക്കൾ തങ്ങളുടെ ഇസ്ലാം സംസ്കാരത്തെ തകർക്കുമെന്ന് ആശങ്കപ്പെടുന്നവരാണ് ഇന്തോനേഷ്യക്കാർ.

മതമൗലികവാദത്തേയും ഭീകരതയേയും ലോകത്തെ ഭൂരിപക്ഷം മുസ്ലീമുകളും ഭയപ്പെടുന്നു. എന്നിട്ടും അവരെ മുഴുവൻ ഭീകരരും മൗലികവാദികളുമാക്കുന്നത് ആധിപത്യം പ്രത്യയശാസ്ത്രമാണ്. സത്യത്തിൽ എ എസ് ചെയ്യുന്നതിനേക്കാൾ എത്രയോ വലിയ കൂട്ടക്കുരുതികളാണ് അമേരിക്കയും ഫ്രാൻസും ബ്രിട്ടനുമൊക്കെ അടങ്ങുന്ന ജനാധിപത്യ രാഷ്ട്രങ്ങൾ ചെയ്തിട്ടുള്ളത്, ഇപ്പോഴും ചെയ്യുന്നത്. അതുപക്ഷെ മൂടിവെക്കപ്പെടുന്നു. കേരളത്തിലും സ്ഥിതി വ്യത്യസ്ഥമല്ല. കേരളം പുരോഗമനപരമാണെന്നാണ് വിശ്വാസം. ബി. ജെ. പി. യ്ക്ക് വളരെ കുറച്ചുവോട്ടേ ലഭിക്കുന്നുള്ളൂ എന്നതാണ് അതിനുള്ള ഒരു കാരണമായി ചൂണ്ടിക്കാട്ടുന്നത്. സത്യത്തിൽ വോട്ടുചെയ്യുന്നവരുടെ എണ്ണമല്ല, ചെയ്യാനിടയുള്ളവരുടെ എണ്ണമാണ് എന്നെ ആകുലപ്പെടുത്തുന്നത്. മുസ്ലീമുകളെ ശരാശരി മലയാളി എങ്ങനെയാണ് നോക്കിക്കാണുന്നത്? അവരെല്ലാം ദേശദ്രോഹികളാണെന്ന ഭാഷ്യമാണ് ഭൂരിപക്ഷവും പിന്തുടരുന്നത്. ഇസ്ലാമോ ഫോബിയ ഇവിടെ ശക്തിപ്പെടുകയാണ്. അതിനെ എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാനാവും. എപ്പോൾ വേണമെങ്കിലും വോട്ടാക്കിമാറ്റാനും കഴിയും. അതിൽനിന്ന് വ്യത്യസ്ഥമാണ് ബീഹാറിലെ കാര്യം. മണ്ഡൽ കമ്മീഷൻമുതൽ അവിടെ ജനാധിപത്യത്തിന്റെ സാമൂഹ്യ അടിത്തറ വിപുലപ്പെടുകയാണ്. കീഴാളരായ ഓരോരുത്തരും അധികാരത്തിലുള്ള തങ്ങളുടെ ഷെയർ ചോദിച്ചു വാങ്ങുകയാണ്. വെള്ളാപ്പള്ളി പറയുന്ന നായാടിമുതൽ നമ്പൂരിവരെ എന്നതല്ല, ദളിത്-പിന്നോക്ക-ന്യൂനപക്ഷ ഐക്യമാണ് അവർ പറയുന്നത്. ഇവിടത്തെപ്പോലെ ഇസ്ലാമോഫോബിയയും അവിടെയില്ല.

തദ്ദേശീയവും വൈദേശികവുമായ മിശ്രണമാണ് ഇന്ത്യയിൽ നിലനിൽക്കുന്ന സാംസ്കാരികപരമായ ആധിപത്യം. അതിൽ ഇവിടെ നിലനിൽക്കുന്ന ജാതീയതയും യൂറോപ്പിൽ ഉയർന്നുവന്ന ദേശീയവാദവും പിണഞ്ഞുകിടക്കുന്നു.

ഉത്തരേന്ത്യയിൽ ദളിത് മുസ്ലീം പിന്നോക്ക വിഭാഗ ഐക്യം നിലനിൽക്കുന്നുണ്ട്. അത് യഥാർത്ഥത്തിൽ ഫാസിസ്റ്റ് വിരുദ്ധ ചേരിയാണ്. അതിനെ തകർക്കുകയെന്ന ലക്ഷ്യവുമായി സംഘപരിവാർ ഏറെ കാലമായി നടക്കുന്നു. അതിനുദാഹരണമാണ് ബാബറി മസ്ജിദ് തകർക്കുവാനുള്ള കർസേവകരിൽ ഭൂരിഭാഗവും ദളിത് ആദിവാസി ജനവിഭാഗമാകുന്നത്. കേരളത്തിൽ ആകട്ടെ ഇങ്ങനെ ഉയർന്നു വരേണ്ട ഫാസിസ്റ്റ് വിരുദ്ധ ചേരിയെ ഇല്ലാതാക്കുവാനാണ് എസ്. എൻ. ഡി. പി. യുടെ ഇന്ന് കാണുന്ന രാഷ്ട്രീയ ഇടപെടൽ കാരണമാകുന്നത്. പിന്നോക്ക വിഭാഗങ്ങളെ കൃത്യമായി ഫാസിസ്റ്റ് ചേരിയിൽ എത്തിക്കുന്നതിൽ വെള്ളാപ്പള്ളി വിജയിച്ചു എന്നത് നിർഭാഗ്യകരമാണ്.

ജനനീതി സംഘടിപ്പിച്ച ഫാസിസവും പ്രതിരോധവും എന്ന വിഷയത്തിൽ സാഹിത്യ അക്കാദമിയിൽ നടത്തിയ പ്രഭാഷണത്തിൽനിന്ന്.

*************